ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. എച്ച്2/5332/2023 മെ.വി.വ.** **തീയതി: 15-03-2024**

**പരിപത്രം**

വിഷയം : മെ.വി.ക. - ജീവനക്കാര്യം - മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മെഡിക്കൽ സോഷ്യൽ വർക്കർ തസ്തികയിൽ നിലവിലുള്ള ഒഴിവ് നികത്തുന്നതിനായി യോഗ്യരായ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1. 20.03.2019 ലെ സ .ഉ ( കൈ ) നം 49/2019/ ആ കു വ നമ്പർ ഉത്തരവ്

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ മെഡിക്കൽ സോഷ്യൽ വർക്കർ (ശമ്പള സ്കെയിൽ: 43400-91200) തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം താഴെ പറയുന്ന യോഗ്യതയുള്ളതും മെഡിക്കൽ സോഷ്യൽ വർക്കർ തസ്തികയുടേതിന് തത്തുല്യമോ അതിൽ താഴ്ന്നതോ ആയ ശമ്പള സ്കെയിലുമുള്ള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ഉൾപ്പെടെയുള്ള ജീവനക്കാരിൽ നിന്ന് തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിനായി അപേക്ഷ ക്ഷണിക്കുന്നു.

യോഗ്യത:-

യു ജി സി അംഗീകൃത യുണിവേഴ്സിറ്റി / കേരള സർക്കാർ അംഗീകൃത സ്ഥാപനം / ഇന്ത്യ ഗവൺമെൻറ് അംഗീകൃത ദേശീയ സ്ഥാപനം എന്നിവയിലേതെങ്കിലും നിന്നുള്ള **എം എസ് ഡബ്ല്യു**

**Or**

**എം എ / എം എസ് സി സൈക്കോളജി**

അപേക്ഷ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിർദ്ദിഷ്ട മാതൃകയിൽ ആയിരിക്കേണ്ടതും അപേക്ഷകർ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ അവരുടെ സേവന പുസ്തകവുമായി ഒത്തു നോക്കി ശരിയാണെന്ന് അതാത് സ്ഥാപന മേധാവികൾ ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അപേക്ഷയോടൊപ്പം യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്. അപേക്ഷകൾ 25/03 /2024നോ അതിനു മുമ്പോ ബന്ധപ്പെട്ട വകുപ്പ് മേധാവി മുഖേന അതാത് പ്രിൻസിപ്പാളിനു സമർപ്പിക്കേണ്ടതും അതാത് പ്രിൻസിപ്പാൾമാർ അപേക്ഷകൾ പരിശോധിച്ച് പൂർണ്ണമാണെന്ന് ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തി 31/03/2024 നോ അതിനു മുമ്പോ ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതുമാണ്.

വൈകി ലഭിക്കുന്നതും അപൂർണ്ണങ്ങളുമായി അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. അതുപോലെ അപേക്ഷകൾ ഈ കാര്യാലയത്തിൽ നേരിട്ട് സമർപ്പിക്കുവാൻ പാടുള്ളതല്ല.

ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഈ പരിപത്രത്തിന്റെ പകർപ്പ് സമയബന്ധിതമായി എല്ലാ ജീവനക്കാരുടെയും അറിവിലേക്കായി നൽകേണ്ടതാണ്.

I/223728/2024

Signed by
Thomas Mathew
Date: 15-03-2024 08:11:32

വിശ്വസ്തതയോടെ,
ഡയറക്ടർ

THOMAS MATHEW
DIRECTOR

ഉള്ളടക്കം: അപേക്ഷ യുടെ മാതൃക

പകർപ്പ്:

1. പ്രിൻസിപ്പൽ,
സർക്കാർ മെഡിക്കൽ കോളേജ്/ നഴ്സിംഗ് കോളേജ്,
തിരുവനന്തപുരം/ കൊല്ലം/ കോന്നി/ ഇടുക്കി/ ആലപ്പുഴ/ കോട്ടയം/ എറണാകുളം/ തൃശ്ശൂർ/ മഞ്ചേരി/ കോഴിക്കോട്/ കണ്ണൂർ/ വയനാട്/ കാസറഗോഡ്.

2. പ്രിൻസിപ്പൽ,
സർക്കാർ ദന്തൽ കോളേജ്,
തിരുവനന്തപുരം/ കോട്ടയം/ആലപ്പുഴ/തൃശ്ശൂർ/ കോഴിക്കോട്/കണ്ണൂർ

3. പ്രിൻസിപ്പൽ,
സർക്കാർ നഴ്സിംഗ് കോളേജ്,
തിരുവനന്തപുരം/ കൊല്ലം/ കോന്നി/ ഇടുക്കി/ ആലപ്പുഴ/ കോട്ടയം/ എറണാകുളം/ തൃശ്ശൂർ/പാലക്കാട്/ മഞ്ചേരി/ കോഴിക്കോട്/ കണ്ണൂർ/ വയനാട്/ കാസറഗോഡ്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലെ മെഡിക്കൽ സോഷ്യൽ വർക്കർ തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ 20.03.2019 ലെ സ.ഉ.(കൈ) നം.49/2019/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തസ്തിക മാററം മുഖേന നികത്തുന്നതിനുള്ള അപേക്ഷ.

| | | |
|---|---|---|
| 1. | അപേക്ഷകന്റെ പേര് | |
| 2. | അപേക്ഷകന്റെ തസ്തിക | |
| 3. | ജോലി ചെയ്യുന്ന സ്ഥാപനം | |
| 4. | ജനനത്തീയതി | |
| 5. | യോഗ്യത, വിദ്യാഭ്യാസം | |
| 6. | ശമ്പളം, ശമ്പള നിരക്ക് | |
| 7. | സർക്കാർ സേവനത്തിൽ പ്രവേശിച്ച തീയതിയും തസ്തികയും | |
| 8. | ഇപ്പോൾ സേവനം അനുഷ്ഠിക്കുന്ന തസ്തികയിൽ പ്രവേശിച്ച തീയതി | |
| 9. | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്രവേശിച്ച തീയതി | |
| 10. | യോഗ്യമല്ലാത്ത കാലം | |

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും ശ്രദ്ധയിലും പെട്ടിടത്തോളം സത്യവും ശരിയുമാണെന്ന് ...................................... ആയ ഞാൻ പ്രസ്താവിക്കുന്നു. മേൽപ്പറഞ്ഞ വിവരങ്ങൾ തെററാണെന്ന് തെളിയിക്കുന്ന പക്ഷം എന്നെ മേൽ നിയമനത്തിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

ഒപ്പ് :

പേരും തസ്തികയും :

സ്ഥലം : സ്ഥാപനം :

തീയതി :

അപേക്ഷയിലെ ക്രമ നം 1 മുതൽ 10 വരെ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ടിയാളുടെ സേവന പുസ്തകവുമായി ഒത്തു നോക്കിയതിൽ നിന്നും ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ് :

മേലധികാരിയുടെ തസ്തിക:

സ്ഥലം :

തീയതി :

ഓഫീസ് മുദ്ര

സ്ഥലം :

തീയതി : പ്രിൻസിപ്പാൾ

ഓഫീസ് മുദ്ര